# എ.സ്. എം. എം ഹയർ സെക്കണ്ടറി സ്കൂൾ

ആലത്തൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-26

| | | |
|---|---|---|
| School Code | : | 21009 |
| BRC | : | Alathur |
| District | : | Palakkad |
| Email | : | asmalathur@gmail.com |

# ASMMHSS
## Alathur

## Academic Master Plan – 2025-2026

**School Code - 21009**

| | | |
|---|---|---|
| Principlal | : | Jayasree T.S. |
| Head Mistress | : | Sheeja P S |
| Deputy Head Mistress | : | Sajini P |
| PTA President | : | P. Pradosh |
| Vice President | : | Rajan M |
| Mother PTA president | : | Shajina Mol. K |
| Staff Secretary | : | Gopakumar. C |
| SRG Convenor | : | Sreelekha. R |
| Joint Convenors | : | Shereena Sahana Firoz |
| Vijayasree Convenor | : | A A Jahangir |

# ആമുഖം

വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഊന്നിവിദ്യാർത്ഥികൾക്ക് സുരക്ഷിതമാ, സൗകര്യപ്രദമായ, ശിശു സൗഹൃദപരമായ, കാര്യക്ഷമതയുള്ള വിദ്യാഭ്യാസ അന്തരീക്ഷം ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ശ്രമിച്ചിട്ടുള്ളത്.

കുട്ടികളിൽ മൂല്യബോധവും, ശാസ്ത്രബോധവും അതിനോടൊപ്പം സാംസ്കാരിക മുന്നേറ്റവും, ആധുനിക സാങ്കേതിക വിദ്യകളിൽ പ്രാവീണ്യവും ഉളവാകുന്ന പ്രവർത്തനാന്തരീക്ഷം സജ്ജമാക്കാൻ ഉതകുന്ന പദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

സാമൂഹികമായും, സാമ്പത്തികമായും, ആരോഗ്യപരമായും, മാനസികപരമായും, ബൗദ്ധികമായും ഭിന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് വ്യത്യസ്ഥങ്ങളായ പഠനാനുഭവങ്ങൾ ഉൾപ്പെടുത്തുവാനും കുട്ടികളിൽ സർഗ്ഗശേഷിയും കായികശേഷിയും വളർത്തുന്ന പാഠേൃതര പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുവാനും ശ്രദ്ധിച്ചിട്ടുണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടികൾക്ക് അനുഭവവേദ്യമാക്കുക എന്ന ലക്ഷ്യത്തിലൂന്നി തയ്യാറാക്കിയ മാസ്റ്റർ പ്ലാനാണ് ഇത്.

# വിദ്യാലയ ചരിത്രം

1906ൽ എൻ.ഇ.എച്ച്.എസ് (നെല്ലിക്കലിടം സ്കൂൾ) എന്ന പേരിൽ ശ്രീ. കോമ്പിയച്ചൻ സ്ഥാപിച്ച സരസ്വതി ത്രേമാണ് പിന്നീട് എ.എസ്.എം.എം.എച്ച്.എസ്.എസ്(എ.എസ് മുഹമ്മദ് കുട്ടി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ) ആയി മാറിയത്.

1956ൽ എ.എസ്. മുഹമ്മദ് കുട്ടി സാഹിബ് സ്കൂൾ ഏറ്റെടുത്തു. 1981ൽ പ്ലാറ്റിനം ജൂബിലിയോടെ എ.എസ്.എം.എം. എച്ച്.എസ്.എസ് ആയി. 1991ൽ ഹയർ സെക്കണ്ടറിയാണ്ട ഉയർത്തപ്പെട്ടു. ആലത്തൂരിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന എ.എസ്.എം.എം. എച്ച്.എസ്.എസ് മികവിന്റെ കേന്ദ്രമന്ദ്ര ഒരു പൊതു വിദ്യാലയമാണ്. 2006ൽ ഈ വിദ്യാലയത്തിന്റെ ശതാബ്ദി ആഘോഷം സമുചിതമായി കൊണ്ടാടി.

# നിലവിലെ സ്ഥിതി വിശകലനം

പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മാനേജ്മെന്റിലാണ് ഇപ്പോൾ എ.എസ്.എം.എം. എച്ച്.എസ്.എസ് പ്രവർത്തിക്കുന്നത്. നിലവിലെ പ്രിൻസിപ്പൽ ശ്രീമതി ജയശ്രീ ടി.എസും, ഹെഡ്മിസ്ട്രസ് ശ്രീമതി ഷീജ പി.എസും ആണ്. ശ്രീ പി. പ്രദോഷ് പി.ടി.എ പ്രസിഡണ്ടും ശ്രീമതി ഫാജിന മോൾ കെ. മദർ പി.ടി.എ പ്രസിഡണ്ടും ആയ അധ്യാപക രക്ഷാകർതൃ സമതിയുടെ ഊർജ്ജത്തിലാണ് സ്കൂൾ മികവാർന്ന നേട്ടങ്ങൾ കൈവരിക്കുന്നത്.

എച്ച്.എസ്.എസിൽ 2 സയൻസ് ബാച്ച്, 1 കൊമേഴ്സ് ബാച്ച്, 1 ഹ്യൂമാനിറ്റീസ് ബാച്ച് വീതമാണ് നടന്നുവരുന്നത്. ഓരോ ബാച്ചിലും 60 കുട്ടികൾ 480 കുട്ടികൾ പഠിക്കുന്നു. 21 സ്റ്റാഫ് ആണ് ആകെ ഉള്ളത്.

യു.പിയിൽ 5-ാം ക്ലാസ്സിൽ 2, 6-ാം ക്ലാസ്സിൽ 3, 7-ാം ക്ലാസ്സിൽ 5 ഡിവിഷനുകളും ആയി ആകെ 37 ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. ആകെ കുട്ടികളുടെ എണ്ണം 1310. യു.പി യിൽ 13 ഉം എച്ച്.എസിൽ 31 ഉം നോൺ ടീച്ചിംങ് വിഭാഗത്തിൽ 3 ജീവനക്കാരുമാണുള്ളത്.

# വിവിധതരം കമ്മറ്റികളും ക്ലബ്ബുകളും

**സ്കൂൾ സംരക്ഷണ സമതി-**

പ്രിൻസിപ്പൽ ചെയർമാനും ഹെഡ്മിസ്ട്രസ് വൈസ് ചെയർമാനുമായി 23 അംഗസമിതി പ്രവർത്തനമാരംഭിച്ചു.

**അച്ചടക്കസമതി-**

എൻ.സി.സി യുടെ ചുമതല വഹിക്കുന്ന ശ്രീ അജയ് ഉണ്ണിയുടെ നേതൃത്വത്തിൽ സ്കൂൾ അസംബ്ലി മുതലുള്ള പ്രവർത്തനങ്ങൾ അച്ചടക്കത്തോടെ കൈകാര്യം ചെയ്തുവരുന്ന 5 അംഗ അച്ചടക്കസമിതി രൂപീകരിക്കപ്പെട്ടു.

**ഉച്ചഭക്ഷണ ക്കമ്മറ്റി-**

ശ്രീ അബുഫൈസൽ ചുമതല വഹിക്കുന്ന ഉച്ചഭക്ഷണ കമ്മറ്റി കുട്ടികൾക്ക് നിത്യേന പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നു.

**പാചകതൊഴിലാച ‌കളുടെ എണ്ണം....**

**ബസ് കമ്മറ്റി-**

കുട്ടികളുടെ യാത്ര സുഗമമാക്കാൻ ശ്രീ ജഗദീഷിന്റെ നേതൃത്വത്തിൽ വാഹനങ്ങൾ ഓടിക്കുന്നു. ഈ യാത്രാ സൗകര്യം ഈ യാത്രാ സൗകര്യം പ്രയോജനപ്പെടുത്തുന്ന കുട്ടികളുടെ എണ്ണം 191.

**എൻ.സി.സി-**

ശ്രീ അജയ് ഉണ്ണിയുടെ നേതൃത്വത്തിൽ എൻ.സി.സി സ്കൂളിലേയും സബ്ബ് ജില്ലാതലത്തിൽ നടക്കുന്ന മേളകൾ, ദിനാചരണങ്ങൾ

മുതലായവയുടേയും, അച്ചടക്കത്തിലും നടത്തിപ്പിലും മുഖ്യ പങ്കുവഹിക്കുന്നു.

**ജെ.ആർ.സി -**

ശ്രീ. റാഷിദ്, ശ്രീമതി പ്രീത എം.പി. എന്നിവരുടെ നേതൃത്വത്തിൽ 180 ംഗ ജെ.ആർ.സി ടീം സന്നദ്ധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു.

**ലിറ്റിൽ കൈറ്റ്സ്-**

എസ്.ഐ.ടി.സി കൺവീനർ ശ്രീ. സുഭാഷഭ പി. ശ്രീമതി രശ്മി സി.ആർ, ശ്രീമതി രജനി പി.കെ എന്നിവരുടെ നേതൃത്വത്തിൽ 120 അംഗ കൈറ്റ്സ് സ്കൂളിലെ ഡിജിറ്റൽ വിപ്ലവത്തിന് വഴിതെളിക്കുന്നു.

**ടീൻസ്/ ലഹരി ക്ലബ്ബ്-**

ശ്രീമതി കനകവല്ലിയുടെ നേതൃത്വത്തിൽ കൗമാരക്കാരുടെ പ്രശ്ന പരിഹാരത്തിനായി ടീൻസ്/ ലഹരി ക്ലബ്ബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. 9 ലെ ലഹരിയോട് താല്പര്യമുഴ്ഴ കുട്ടികളെ ഓറ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നു.മറ്റുകുട്ടികൾക്ക് വിദഗ്ദ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു. പെൺകുട്ടികൾക്ക് അധ്യാപകരുടെ കൗൺസിലിങ് ക്ലാസുകൾ നടത്തിവരുന്നു.

**എക്കോ ക്ലബ്ബ്-**

ശ്രീമതി ഷമി ടീച്ചറുടെ നേതൃത്വത്തിൽ സ്കൂൾ എക്കോ ക്ലബ് പ്രവർത്തിക്കുന്നു.

പരിസ്ഥിതി സംരക്ഷണം സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് ഈ ക്ലബ്ബിന്റെ ലക്ഷ്യം.

പരസ്പര സഹകരണം എന്ന മൂല്യബോധം ഉറപ്പാക്കുവാനാവശ്യമായ പ്രവർത്തനം എക്കോ ക്ലബ്ബ് ഏറ്റെടുത്തിട്ടുണ്ടന

**വിദ്യാവനം** - ചങ്ങാതിക്കൊരു തൈ എന്ന പദ്ധതിയുടെ ഉദ്ഘാടനം ജൂൺ 19ന് നടത്തുവാനും സ്കൂളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാനും സ്വന്തം വീട്ടിലുണ്ടായ തൈകൾ കൂട്ടുകാർക്ക് പങ്കുവെചങ്ക അവയുടെ വളർച്ചയുടെ രേഖപ്പെടുത്തുവാനഖ തീരുമാനിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് എക്കോ ക്ലബ്ബ് ആസൂത്രണം ചെയ്തിരിക്കുന്നത്. സെപ്റ്റംബർ 2025 വരെ നീണ്ടു നിൽക്കുന്ന പ്രവർത്തനമാണിത്.

**ഹെൽത്ത് ക്ലബ്ബ്-**

ശ്രീമതി ഗ്രീഷ്മ, ശ്രീമതി ഷീന, എന്നിവരുടെ നേതൃത്വത്തിൽ ശുചിത്വ ബോധം, ആരോഗ്യം പോ,കാഹാരം എന്നിവയുടെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു. ഗവൺമെന്റിന്റെ ആസൂത്രണത്തിൽ നടപ്പിലാക്കുന്ന പ്രതിരോധ മരുന്നുകളും, വാക്സിനേഷനും യഥാസമയം കുട്ടികൾക്ക് ലഭ്യമാക്കുന്നു. എതിർപ്പ് പ്രകടിപ്പിക്കുന്നവർക്ക് ബോധവൽക്കരണവും നടത്തി വരുന്നു.

**ഐ.ഇ.ഡി.സി**

ശ്രീമതി അമൃത ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്ന കുട്ടികളെ കണ്ടെത്താനും ആവശ്യമായ പരിശീലനം നൽകാനും അധ്യാപകരെ സഹായിക്കുന്നു. 10-ാം ക്ലാസിലെ എൽ.ഡി കുട്ടികളുടെ ചുമതല ശ്രീമതി സുനീറ ടീച്ചർക്കാണ്.

**മറ്റു ക്ലബ്ബുകൾ-**

കായികം, കല, പ്രവർത്തി പരിചയം, വിദ്യാരംഗം തുടങ്ങിയ ക്ലബ്ബുകൾ കുട്ടികളെ സ്കൂൾ, സബ്ബ് ജില്ല, ജില്ല, സംസ്ഥാന തല മത്സരങ്ങൾക്ക് സജ്ജമാക്കുന്നു.

ഇത് കൂടാതെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സയൻസ്, സോഷ്യൽ സയൻസ്, ഗണിത ക്ലബ്ബുകളും രൂപീകരിക്കപ്പെട്ടിരിക്കുന്നു.

കമ്പ്യൂട്ടർ ലാബ്- എച്ച്.എസ്, യു.പി കുട്ടികൾക്കായി 2 കമ്പ്യൂട്ടർ ലാബ് പ്രവർത്തിക്കുന്നു. 10 ക്ലാസ്സുകൾ സ്മാർട്ട് ക്ലാസ്സുകളാണ്, കൂടാതെ 2 സ്മാർട്ട് റൂമുകളുമുണ്ട്.

**സയൻസ് ലാബ്-**

ശ്രീമതി ഫൗസിയ ടീച്ചർ കസ്റ്റോഡിയനായ ഒരു സയൻസ് ലാബ് വളരെ പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്നു.

**സ്കൂൾ ലൈബ്രറി-**

ശ്രീമതി ശാന്തിനി കെ. ആണ് ലൈബ്രേറിയൻ. പുസ്തകങ്ങൾ എടുക്കുവാനാഎ കുട്ടികൾക്ക് കാർഡ് നൽകിവരുന്നു. യു.പി. കുട്ടികൾക്ക് ബുധനാഴ്ചയും, ഹൈസ്കൂൾ കുട്ടികൾക്ക് വെള്ളിയാഴ്ചയും ഉച്ചയ്ക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. ഒരാഴ്ചയ്ക്ക് ശേഷം അവ തിരിച്ച് നൽകി അടുത്ത പുസ്തകം കൈപറ്റാവുന്നതാണ്.

ഇവയെല്ലാം കൂടാതെ ആർട്ട്സ്, സ്പോർട്ട്സ് എന്നിവയുടെ മത്സരങ്ങൾ സ്കൂളിൽ നടത്തുകയും ഉന്നതതല മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നു. മികച്ചവ സ്കൂൾ വാർഷികാ ഘോഷത്തിൽ അവതരിപ്പിക്കുന്നു. കുട്ടികൾക്ക് വിനോദയാത്ര യും ഫീൽഡ് ട്രിപ്പും നടത്തി വരുന്നു.

## ഐ.ഇ.ഡി.സി

ശ്രീമതി അമൃത ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്ന കുട്ടികളെ കണ്ടെത്താനും ആവശ്യമായ പരിശീലനം നൽകാനും അധ്യാപകരെ സഹായിക്കുന്നു. 10-ാം ക്ലാസിലെ എൽ.ഡി കുട്ടികളുടെ ചുമതല ശ്രീമതി സുനീറ ടീച്ചർക്കാണ്.

## മറ്റു ക്ലബ്ബുകൾ-

കായികം, കല, പ്രവർത്തി പരിചയം, വിദ്യാരംഗം തുടങ്ങിയ ക്ലബ്ബുകൾ കുട്ടികളെ സ്കൂൾ, സബ്ബ് ജില്ല, ജില്ല, സംസ്ഥാന തല മത്സരങ്ങൾക്ക് സജ്ജമാക്കുന്നു.

ഇത് കൂടാതെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സയൻസ്, സോഷ്യൽ സയൻസ്, ഗണിത ക്ലബ്ബുകളും രൂപീകരിക്കപ്പെട്ടിരിക്കുന്നു.

കമ്പ്യൂട്ടർ ലാബ്- എച്ച്.എസ്, യു.പി കുട്ടികൾക്കായി 2 കമ്പ്യൂട്ടർ ലാബ് പ്രവർത്തിക്കുന്നു. 10 ക്ലാസ്സുകൾ സ്മാർട്ട് ക്ലാസ്സുകളാണ്, കൂടാതെ 2 സ്മാർട്ട് റൂമുകളുമുണ്ട്.

## സയൻസ് ലാബ്-

ശ്രീമതി ഫൗസിയ ടീച്ചർ കസ്റ്റോഡിയനായ ഒരു സയൻസ് ലാബ് വളരെ പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്നു.

## സ്കൂൾ ലൈബ്രറി-

ശ്രീമതി ശാന്തിനി കെ. ആണ് ലൈബ്രേറിയൻ. പുസ്തകങ്ങൾ എടുക്കുവാനാഎ കുട്ടികൾക്ക് കാർഡ് നൽകിവരുന്നു. യു.പി. കുട്ടികൾക്ക് ബുധനാഴ്ചയും, ഹൈസ്കൂൾ കുട്ടികൾക്ക് വെള്ളിയാഴ്ചയും ഉച്ചയ്ക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. ഒരാഴ്ചയ്ക്ക് ശേഷം അവ തിരിച്ച് നൽകി അടുത്ത പുസ്തകം കൈപറ്റാവുന്നതാണ്.

ഇവയെല്ലാം കൂടാതെ ആർട്ട്സ്, സ്പോർട്ട്സ് എന്നിവയുടെ മത്സരങ്ങൾ സ്കൂളിൽ നടത്തുകയും ഉന്നതതല മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നു. മികച്ചവ സ്കൂൾ വാർഷികാഘോഷത്തിൽ അവതരിപ്പിക്കുന്നു. കുട്ടികൾക്ക് വിനോദയാത്രയും ഫീൽഡ് ട്രിപ്പും നടത്തി വരുന്നു.

**തനതു പ്രവർത്തനങ്ങൾ**

മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും യു.എസ്.എസ് പരിശീലനം, പിന്നോക്കക്കാർക്കുള്ള പരിശീലനം, മുന്നോക്കക്കാർക്കു വേണ്ടിയുള്ള ക്വിസ് മത്സരങ്ങളും, രചനാ മത്സരങ്ങളും, കായിക മത്സരങ്ങളും, സ്കൂൾ യുവജനോത്സവവും. സ്കൂൾ തല ശാസ്ത്ര-ഗണിത ശാസ്ത്ര- സാമൂഹ്യ ശാസ്ത്ര പ്രവർത്തി പരിചയ മേളകളും ഈ വർഷവും സബ്ബ് ജില്ലാമത്സരങ്ങൾക്ക് മുന്നായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അബാക്കസ് ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നു.

ജൂൺമാസത്തിൽ തന്നെ അധ്യാപകർ ഗൃഹസന്ദർശനം നടത്തി കുട്ടികളുടെ പശ്ചാത്തലം മനസ്സിലാക്കി ആവശ്യമായ പിന്തുണ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. യു.എസ്.എസ്, എൻ.എം.എം.എസ് വിജയികളുടേയും, എസ്.എസ്.എൽ. സി യിൽ ഉന്നതവിജയം നേടിയവരുടേയും, 5ലും, 8 ലും പുതിയതായി പ്രവേശനം നേടിയവരുടേയും നേടിയവരിൽ ചിലരുടേയും പൂർത്തിയായിട്ടുണ്ട്.

ഈ വർഷം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ലക്ഷ്യം വെച്ചുള്ളതാണെന്ന തിരിച്ചറിവിൽ കുട്ടികൾക്ക് മൂല്യാവബോധം ഉളവാക്കുന്ന പ്രവർത്തനങ്ങളും ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം സ്കൂൾ ജീവനക്കാർക്ക് പുറമെ സ്കൂൾ പി.ടി.എ, മദർ പി.ടി.എ, ജനപ്രതിനിധികൾ, പൂർവ്വ

വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെ മുന്നോട്ട് കൊണ്ടുപോകുന്നു. എല്ലാ പിന്തുണയുമായി വിരമിച്ച അധ്യാപകരും കൂടെയുണ്ട്. അവയിൽ ചിലത്-

1. **ഉച്ചഭാഷിണി-** ഉച്ചഭക്ഷണ ഇടവേളയിൽ കുട്ടികൾക്ക് അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുവാനായി മുൻവർഷങ്ങളിൽ നടപ്പിൽ വരുത്തിയിരുന്ന ഉച്ചഭാഷിണി എന്ന പരിപാടിയിലൂടെ കുട്ടികൾ ഗാനം, കവിത, മാപ്പിളപ്പാട്ടുകൾ, പ്രസംഗം മുതലായവ ഉച്ചഭാഷിണിയിലൂടെ അവതരിപ്പിച്ചിരുന്നു. ആഴ്ചയിൽ മൂന്നുദിവസം ഹൈസ്കൂൾ കുട്ടികളും രണ്ടുദിവസം യു.പി കുട്ടികളുമാണ് അവതരിപ്പിക്കുന്നത്. ഇതിന്റെ ചാർജ് വഹിച്ചിരുന്നത് ശ്രീമതി ഹാരിഷ, നജ്‌ല, ശ്രീമതി ധന്യ എന്നിവരുടെ സഹായത്തോടെ മ്യൂസിക് അധ്യാപിക ശ്രീമതി പ്രീത യാണ്.

ഈ വർഷം ഉച്ചഭാഷിണിയിലൂടെ, ലഹരി, ട്രാഫിക്, പൊതു നിയമങ്ങൾ, വ്യക്തി ശുചിത്വം, പരസ്പര സഹകരണം, റാഗിങ്, ആരോഗ്യ പരിപാലനം, പോഷകാഹാരം, കായിക ക്ഷമത തുടങ്ങിയവയുടെ ബോധവത്കരണ നുറുങ്ങുകളും പകർന്നു നൽകാൻ കുട്ടികൾക്ക് അവസരമൊരുക്കും.

കഴിഞ്ഞ വർഷം പ്രത്യേക പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെട്ട കുട്ടികളിൽ നിന്നും ചിലർ നില മെച്ചപ്പെടുത്തി ഉച്ചഭാഷിണി യിലൂടെ ചിന്ത വായനാമികവ് തെളിയിച്ചു. ഈ വർഷവും ഇതേ ലക്ഷ്യത്തോടെ പിന്നോക്കക്കാർക്ക് പരിശീലനം നൽകും.

''**എ.എസ്.എം.എം ആലത്തൂരിന്റെ ലഹരി-**
**ഫുഡ്ബോൾ ലഹരി**''

''അലസരുടെ മനസ്സ് ചെകുത്താന്റെ പണിപ്പുര'' എന്നാണല്ലോ. അതിനാൽ ഉത്തരവാദിത്വമില്ലായ്മയാണ് കുട്ടികളെ അപകടകര

മായ ലഹരികൾ തേടിപ്പോകാൻ പ്രേരിപ്പിക്കുന്നത് എന്ന തിരിച്ചറിവിനെ മുൻനിർത്തി തയ്യാറാക്കിയ പരിപാടി യാണിത്.

കായികാധ്യാപകരുടെ നേതൃത്വത്തിൽ എല്ലാ ക്ലാസ്സിലും ഫുഡ്ബോൾ ടീമുകൾ രൂപീകരിക്കുന്നു. ഒഴിവുസമയങ്ങളിൽ 'ലീഗ്' മോഡലിൽ ക്ലാസ്സ് തലത്തിൽ മത്സരങ്ങൾ നടത്തുന്നു. യു.പി യിലും ഹൈസ്കൂളുകളിലും വെവ്വേറെ മത്സരങ്ങൾ സംഘടിപ്പിക്കും. ഇപ്രകാരം ജയിച്ചുവരുന്ന ടീമുകളുടെ ഫൈനൽ മത്സരം ഡിസംബറിൽ നടത്തുവാനും സ്കൂൾ വാർഷികാഘോഷത്തിൽ വിജയികൾക്ക് പുരസ്കാരം നൽകുവാനും ഉള്ള പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്.

ഡിസംബർ വരെ നീണ്ടുനിൽക്കുന്ന ഈ പരിശീലനവും മത്സരവും കുട്ടികളെ ഫുഡ്ബോൾ എന്ന ലഹരിയിൽ എത്തിക്കുന്നതിനൊപ്പം കായികക്ഷമത, പരസ്പര സഹകരണം, ടീം സ്പിരിറ്റ്, നിയമങ്ങൾ അനുസരിക്കാനുള്ള മാനസികാവസ്ഥ, അച്ചടക്കം മുതലായ മൂല്യങ്ങൾ വളർത്താനും സഹായിക്കുന്നു.

ഇത് കൂടാതെ തന്നെ സ്കൂളിൽ, ഹാൻഡ്ബോൾ, ക്രിക്കറ്റ്, ബാറ്റ്മിന്റൻ, വടംവലി....... എന്നിങ്ങനെയുള്ള ടീമുകൾ രൂപീകരിച്ച് മത്സരങ്ങളിൽ പങ്കെടുപ്പിക്കാനും പങ്കെടുത്ത് സമ്മാനം നേടിവരുന്നു.

ഗെയിംസ് കൂടാതെ അത്‌ലറ്റിക്കിൽ താൽപര്യമുള്ളവർക്കും പരിശീലനം ലഭിക്കുന്നുണ്ട്. ഇടവേളകളിൽ ക്യാരംസ് കളിക്കാനുള്ള അവസരവും കുട്ടികൾക്ക് നൽകുന്നുണ്ട്.

കായിക മുന്നേറ്റത്തോടൊപ്പം കലാപ്രവർത്തനങ്ങൾക്കും

അവസരം ലഭിക്കുന്നുണ്ട്.നൃത്തം, നാടൻപാട്ട്, വാദ്യോപകരണങ്ങൾ എന്നിവയുടെ പരിശീലനത്തിനും സ്കൂളിൽ അവസരമൊരുക്കുന്നുണ്ട്.

ഈ വർഷം പുതുതായി അസംബ്ലിയിൽ രണ്ടാഴ്ചയിലൊരിക്കൽ മാസ്സ് ട്രിൽ പരിശീലിപ്പിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

**3. മാലിന്യ നിർമ്മാർജ്ജനം-**

എല്ലാ ക്ലാസ്സ് റൂമുകളിലും മാലിന്യം നിക്ഷേപിക്കാനുള്ള 'ബിൻ' അനുവദിച്ചിട്ടുണ്ട്. വരാന്തകളിൽ നിശ്ചിത സ്ഥലങ്ങളിൽ ജൈവ മാലിന്യം, പ്ലാസ്റ്റിക് മാലിന്യം എന്നിവ നിക്ഷേപിക്കാനുള്ള വെവ്വേറെ കൂടകൾ സ്ഥാപിച്ചിരിക്കുന്നു. ഏറ്റവും വൃത്തിയുള്ള ക്ലാസ്സിന് അസംബ്ലിയിൽ ആഴ്ചയിലൊരിക്കൽ പ്രത്യേക അഭിനന്ദനം നൽകി കുട്ടികളെ മാലിന്യ നിർമ്മാർജ്ജനത്തിൽ പങ്കാളികളാകാൻ പ്രോത്സാഹിപ്പിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം

എച്ച്.എസ്, യു.പി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശീലം വളർത്തുക (5 മുതൽ 10 വരെയുള്ള കുട്ടികൾക്ക്) | സ്കൂൾ ലൈബ്രറി ഉപയോഗിച്ചുകൊണ്ട് പുതിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. പുസ്തകങ്ങൾ വായിക്കുന്നതോടൊപ്പം വായനാ കുറിപ്പ് തയ്യാറാക്കിക്കുക. മികച്ചതിന് സമ്മാനം നൽകുക. വായനാ കുറിപ്പ് പതിപ്പാക്കുക. | ഒരു വർഷം | സ്കൂൾ ലൈബ്രറി കമ്മറ്റി | 500/- |
| 5 മുതൽ 10 വരെ യുള്ള കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുക | എല്ലാ ക്ലാസ്സിലും പ്രീ ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. കോപ്പിയെഴുത്ത്, വിവിധ മൊഡ്യൂളുകൾ എന്നീ രീതികളിലൂടെ പഠനം ആസൂത്രണം ചെയ്യുന്നു. | രണ്ടുമാസം ജൂൺ, ജൂലൈ | അതാതു ക്ലാസ്സിലെ മലയാളം അധ്യാപകർ, ക്ലാസ് റിസോഴ്സ് ഗ്രൂപ്പ്. | |

## വാർഷിക പ്ലാൻ(മാസ്റ്റർ പ്ലാൻ) സംസ്കൃതം എച്ച്.എസ് 2025-26

| | മാസം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| 1. | ജൂൺ | 1. അക്ഷരപഠനം, വായനാ മത്സരം മികവുകൾ പരിമിധികൾ കണ്ടെത്തുന്നു. ക്ലബ്ബ് രൂപീകരണം, പോസ്റ്റർ രചന | സംസ്കൃതം |
| 2. | ജൂലൈ | 2. പദകോശം, പുതിയ പദങ്ങൾ കണ്ടെത്തൽ ദിനാചരണം, അസംബ്ലികൾ സംസ്കൃത ദിനം വിവിധ പരിപാടികളോടെ ആചരിക്കൽ | |
| 3. | ആഗസ്റ്റ് | 3.വാചകം നിർമ്മിക്കൽ, വായനമത്സരങ്ങൾ എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | |
| 4. | സെപ്റ്റംബർ | 4. കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | |
| 5. | ഒക്ടോബർ | 5. പതിപ്പുകൾ, മാഗസിനുകൾ എന്നിവ നിർമ്മിക്കൽ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | |
| 6. | നവംബർ | 6. വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ രചനാ ശില്പശാലകൾ | |
| 7. | ഡിസംബർ | 7. കഥ, കവിത, സുഭാഷിതങ്ങൾ. ജീവചരിത്ര കുറിപ്പുകൾ എന്നിവ ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ | |
| 8. | ജനുവരി | 8. മികച്ച വിദ്യാർത്ഥികൾക്ക് സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള പ്രത്യേക പരിശീലനം നൽകൽ | |
| 9. | ഫിബ്രവരി | 9. എല്ലാ പ്രവർത്തനങ്ങളുടേയും വിലയിരുത്തൽ, മികവുകളുടെ അവതണം | |
| 10. | മാർച്ച് | 10. പരീക്ഷകൾക്കുള്ള തയ്യാറെടുക്കൽ | |

# യു.പി. സംസ്കൃതം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷ കളിൽ ഒന്നാണ് സംസ്കൃതം | ഭാഷാ ജ്ഞാനം അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ, അക്ഷരകാർഡ് | ജൂൺ- മാർച്ച്, | അക്ഷര വാർ ഡ്, പാഠ പുസ്തകം, ഐ.സി.ടി | പി.ടി.എ, റിസോർസ് അധ്യാപകർ |
| യു.പി തലത്തിലെ എല്ലാകുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | വാക്കുകൾ എഴുതിയ കാർഡ്, അക്ഷരമാല പ്രദർശനം, അക്ഷരമാല കളികൾ, പാട്ടുകളും കവിതകളും, കഥകളും കേൾപ്പിക്കുക | ജൂൺ- മാർച്ച്, | | റിസോർസ് അധ്യാപകർ |
| പ്രത്യേക പരിഗണന അർഹിക്കുന്നവർ ക്കുള്ള പ്രവർത്ത നങ്ങൾ | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള പ്രത്യേക ഗൃഹസന്ദർശനം, പഠനോ പകരണങ്ങൾ നൽകൽ പ്രത്യേക ക്ലാസുകൾ | | | |

# വാർഷിക മാസ്റ്റർ പ്ലാൻ അറബിക് 2025

ലക്ഷ്യം- ഭാഷാ പരിപോഷണവും അറബിയിലൂടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കലും അറബിക് ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കൽ

പ്രവർത്തനങ്ങൾ

* അക്ഷരപഠനം, വായനാമത്സരം, മികവുകൾ പരിമിധികൾ കണ്ടെത്തുന്നു.
* അലിഫ് അറബിക് ക്ലബ്ബ് രൂപീകരണം
* അലിഫ് ടാലന്റ് എക്സാം നടത്തൽ
* വായനാ ദിന ക്വിസ് മത്സരം
* വിവിധ ദിനാചരണങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിവിധ മത്സരം നടത്തുന്നു .
* ലോക അറബി ഭാഷാദിനത്തിൽ സ്കൂൾ മോർണിംങ് അസംബ്ലി അറബി ഭാഷയിൽ
* കയ്യെഴുത്തു മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും.
* പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു
* അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു
* കാലയളവ് - ജൂൺ മുതൽ മാർച്ച് വരെ
* നിർവ്വഹണ ചുമതല - അറബിക് അധ്യാപകൻ

# വിഷയം - അറബി

## യു.പി. 2025-26

| | കാലഘട്ടം. | പ്രവർത്തനം | ലക്ഷ്യം | ചിലവ് |
|---|---|---|---|---|
| 1. | ജൂൺ 1-30 | വായിക്കാം വളരാം അവസ്ഥാപഠനം, വായനാ സാമഗ്രികൾ ശേഖരിക്കൽ തുടർവായന അവതരണം | സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്ന എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക | 100/- |
| 2. | ജൂലൈ- ആഗസ്റ്റ് | ........ കേൾക്കാം പറയാം | 2. അറബി പറയാൻ പ്രയാസം നേരിടുന്ന വർക്ക് ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | 250/- |
| 3. | ജൂൺ - മാർച്ച്, | ഒരക്ഷരം ഒരുപാട് പദങ്ങൾ ...... പദച്ചങ്ങല, പദപ്പയറ്റ്. | 3. പദ സമ്പത്ത് വർദ്ധിപ്പിക്കൽ അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ | |
| 4. | ജൂലൈ - സെപ്റ്റംബർ | പാടി പഠിക്കാം ..... | 4.കുട്ടികളിലെ വ്യത്യസ്ഥമായ കലാകായിക അഭിരുചികളെ കണ്ടെത്തി കണ്ടെത്തി പഠനത്തി നു ഉപയോഗിക്കുക | 650/- |
| 5. | ജൂൺ - മാർച്ച് | ക്ലബ്ബ് പ്രവർത്തനങ്ങൾ, ക്ലബ്ബ് ശാക്തീകരണം അലിഫ് അറബി ക്ലബ്ബ് രൂപീകരണം | 5.ധാർമ്മിക മൂല്യങ്ങൾ മനസ്സിലാക്കൽ, ലഹരി വിരുദ്ധ സന്ദേശം, പരിസ്ഥിതി അവബോധം രാജ്യസ്നേഹം, മാനവ മൈത്രി, മതസൗഹാർദ്ദം | 1000/- |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഉർദു 2025-25

## എച്ച് .എസ്, യു.പി

പദ്ധതിയുടെ പേര് -മീഠി ഉർദു

ലക്ഷ്യം- ഉർദു ഭാഷാ പരിപോഷണവും ഉർദുവിലൂടെ ഭാഷ നിത്യജീവിതത്തിൽ ഉപകാരപ്രദമാക്കലും

പ്രവർത്തനങ്ങൾ-

* ക്ലാസ് റൂമിൽ ഉർദുവിലെ വിവിധ ചാർട്ടുകൾ, ഉർദു ലൈബ്രറി, ഉർദു വായനമൂല എന്നിവ തയ്യാറാക്കുന്നു.
* ക്ലാസ് പ്രവർത്തനങ്ങളിൽ ഉർദുവിലെ ചെറിയ സംഭാഷണങ്ങൾ, ഉർദു കാർട്ടൂൺ, കഥകൾ, ... എന്നിവ കാണിക്കുകയും അതിനെ പുതിയ പദങ്ങളും അർത്ഥവും കുട്ടികൾ മേരാ ഗുൽഷനിൽ എഴുതി വെയ്ക്കുന്നു.
* ജീവിതത്തിൽ നാം പതിവായി ഉപയോഗിക്കുന്ന പദങ്ങൾ, വാക്യങ്ങൾ, ക്രിയകൾ എന്നിവ വിദ്യാർത്ഥിക്ക് പരിചയപ്പെടുത്തി കൊടുക്കുന്നു. നോട്ട് ബുക്കിൽ കുറിക്കുന്നു.

* വിവിധ ദിനാചരണങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിവിധ മത്സരം നടത്തുന്നു.
* സ്കൂളിൽ ഉർദു സംസാരിക്കുന്ന കുട്ടികളുമായി ഉർദുവിൽ സംസാരിക്കാൻ കുട്ടികൾക്ക് അവസരം കണ്ടെത്തുന്നു.
* മേരാ ഗുൽഷനിൽ എഴുതിയ പദങ്ങൾ ചോദ്യങ്ങൾ etc. ഉപയോഗിച്ച് ആഴ്ചയിൽ ഒരുദിവസം ക്ലാസ് തലത്തിൽ മത്സരം നടത്തുന്നു.
* ആഴ്ചയിൽ നടക്കുന്ന മത്സരങ്ങളിലെ വിജയിക്ക് മീഠി ഉർദു പെട്ടിയിൽ വിവിധ സമ്മാനങ്ങളുടെ പേരെഴുതിയ കാർഡ് മുഖേന ലഭിച്ച സമ്മാനം നൽകുന്നു.
* മത്സരങ്ങളിലെ വിജയികളുടെ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.
* കുട്ടികൾക്ക് നൽകിയ ചോദ്യങ്ങൾ ഉപയോഗിച്ച് വർഷാവസാനത്തിൽ മെഗാ ഫിനാലെ നടത്തി വിജയികൾക്ക് മികച്ച സമ്മാനങ്ങൾ നൽകുന്നു.

കാലയളവ്- ജൂൺമുതൽ മാർച്ച് വരെ
നിർവ്വഹണ ചുമതല- ഉർദു അധ്യാപകൻ
സാമ്പത്തിക വിശകലനം - ഉർദു അധ്യാപകൻ

---

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 ഇംഗ്ലീഷ്

## പേര് - ഇംഗ്ലീഷ് അസംബ്ലി

*പ്രവർത്തനം - 1*

എച്ച്.എസ്, യു.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിവസം (ബുധൻ) കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ തന്നെ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | - |

## പേര് - സ്പീക്കേഴ്സ് കോർണർ

*പ്രവർത്തനം - 2*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് സംസാരിക്കാനുള്ള പ്രചോദനം | കുട്ടികൾക്ക് ഒരു വിഷയം നൽകി ക്ലാസിൽ പ്രസംഗിക്കാനുള്ള അവസരം നൽകുന്നു. | ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് ടീച്ചർ | - |

*പ്രവർത്തനം - 3*

## പേര് - ഉച്ചഭാഷിണി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് കലാപ്രവർത്തനം പ്രോത്സാഹി-പ്പിക്കുക | ഉച്ചയ്ക്ക് ഉച്ചഭാഷിണിയിൽ ഇംഗ്ലീഷ്, കവിത, കഥ അവതരിപ്പിക്കുക | ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് ടീച്ചർ | - |

*പ്രവർത്തനം - 4*

## പേര് - സെപൽ ബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പദ സമ്പത്ത് വർദ്ധിപ്പിക്കുക | ക്ലാസിൽ കേട്ടെഴുത്ത് നടത്തി ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളെ കണ്ടുപിടിച്ച് സ്കൂൾ തലത്തിൽ മത്സരം നടത്തുക | ആഴ്ചയിൽ ഒരുദിവസം (ക്ലാസിൽ) സ്കൂൾതലം സെപ്റ്റംബർ 4 | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് | Rs. 500/- |

*പ്രവർത്തനം - 5*

## പേര് - ഇംഗ്ലീഷ് ഫെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ആവിഷ്കാരങ്ങൾക്ക് സ്വാതന്ത്ര്യം നൽകുക | വിവിധ ഇംഗ്ലീഷ് കലാ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ അവതരിപ്പിക്കുക | ഫെബ്രുവരി | ഇംഗ്ലീഷ് ക്ലബ്ബ് | Rs. 500/- |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഹിന്ദി 2025-26

**എച്ച്.എസ്.**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br><br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു.<br><br>ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.<br><br>ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br><br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br><br>കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും പേരുകൾ ഹിന്ദിയിൽ എഴുതാൻ സഹായിക്കുന്നു.<br><br>കേട്ടെഴുത്ത് പദസൂര്യൻ എന്നിവ നൽകുന്നു.<br><br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു.<br><br>വർക്ക് ഷീറ്റുകൾ നൽകുന്നു. പാഠപുസ്തകത്തിലെ ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു.<br><br>പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു ക്ലാസിൽ പ്രദർശിച്ച് മൂല്യനിർണ്ണയം നടത്തുന്നു. | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>നവംബർ<br><br>ഒക്ടോബർ | ഹിന്ദി അധ്യാപകർ | - |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു.പി. 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | സാമഗ്രികൾ | പിന്തുണ |
|---|---|---|---|---|
| വിദ്യാർത്ഥികൾക്ക് എഴുത്ത് വായന ഉറപ്പാക്കൽ | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ് വാക്കുകൾ ഉള്ള കാർഡ് അക്ഷരമാല പ്രദർശനം വാക്കുകൾ എഴുതൽ, മരങ്ങൾ, ചെടികൾ, പക്ഷികൾ, വീട്ടിൽ ഉള്ള ഗൃഹോപകരണങ്ങളുടെ പട്ടിക തയ്യാറാക്കൽ, മൃഗങ്ങളുടെ പേരുകൾ, പോസ്റ്റർ, കവിത, പെയിന്റിങ്, കഥ, പാട്ട് കേൾപ്പിക്കൽ | ജൂൺ- മാർച്ച്, | അക്ഷരവാർഡ്, പാഠപുസ്തകം, ഐ.സി.ടി നിഘണ്ടു | പി.ടി.എ, ബി.ആർ.സി, റിസോർസ് അധ്യാപകർ |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള പിന്തുണ | പ്രത്യേക ക്ലാസുകൾ, ഗൃഹസന്ദർശനം | ജൂൺ- മാർച്ച്, | | |

# സോഷ്യൽ സയൻസ് കലണ്ടർ- 2025-26

എച്ച്.എസ്. യു.പി

| | കാലഘട്ടം. | പ്രവർത്തനം | ലക്ഷ്യം | ചിലവ് |
|---|---|---|---|---|
| 1. | 2025-26 | പ്രവർത്തനം- നാടൻ പൂക്കളുടെ പൂന്തോട്ട നിർമ്മാണവും, ബട്ടർഫ്ളൈ ഗാർഡനും. | പരിസ്ഥിതി സംരക്ഷണവും, സ്കൂളും ചുറ്റുപാടും ഭംഗിയായി സംരക്ഷിക്കും- സാമൂഹിക ഇടപെടൽ. | 3000/- |
| 2. | 2025-26 | ക്ലാസ്സ് തലത്തിൽ യൂണിറ്റ് തലത്തിൽ ക്വിസ് മത്സരം നടത്തി 1,2,3 സ്ഥാനാർത്ഥി കളെ കണ്ടെത്തി സ്കൂൾ തലത്തിൽ ക്വിസ് സംഘടിപ്പിക്കൽ. 5,6,7,8, 9.10 ക്ലാസ്സുകളിലേക്ക് വേറിട്ട് നടത്തൽ. | പാഠഭാഗം മെച്ചപ്പെടുത്തലും, മത്സര പരീക്ഷകൾക്ക് തയ്യാറാക്കലും. | 1000/- |
| 3. | 2025-26 | 5,6,7 ക്ലാസ്സുകളിൽ ഭൂപട പഠനം. | വിവിധ സ്ഥലങ്ങൾ, ദിശ, ഭൂമിശാസ്ത്ര പരമായ വിവരങ്ങൾ മെച്ചപ്പെടുത്തൽ | 100/- |

# ക്ലബ്ബ് പ്രവർത്തനങ്ങൾ

**എച്ച്.എസ്. യു.പി**

| | കാലഘട്ടം. | പ്രവർത്തനം | ലക്ഷ്യം | ചിലവ് |
|---|---|---|---|---|
| 1. | ജൂൺ - 5 | പരിസ്ഥിതി ദിനം അസംബ്ലിയിൽ പരിസ്ഥിതി സംരക്ഷണ ഗാനം, സന്ദേശം അവതരിപ്പിക്കൽ | പരിസ്ഥിതി അവബോധം സൃഷ്ടിക്കൽ | - |
| 2. | ജൂൺ 26. | ലഹരി വിരുദ്ധ ദിനം, ബാഡ്ജ് നിർമ്മാണം, ലഹരി വിരുദ്ധ പാർലമെന്റ്- | ലഹരി മുക്ത സ്കൂൾ -നം | 100/- |
| 3. | ജൂലൈ 11 | ലോക ജനസംഖ്യാദിനം ക്വിസ് - | ജനസംഖ്യയുടെ പ്രാധാന്യം | 100/- |
| 4. | ആഗസ്റ്റ് 6,9 | ഹിരോഷിമ നാഗസാക്കി ദിനം, കൊളാഷ് നിർമ്മാണം | യുദ്ധ വിരുദ്ധ സന്ദേശം | 200/- |
| 5. | ആഗസ്റ്റ് 15 | സ്വാതന്ത്ര ദിനം സ്പീച്ച്, ദേശഭക്തിഗാന മത്സരം | ദേശസ്നേഹം ഉയർത്തിപ്പിടിക്കൽ | 200/- |
| 6. | സെപ്റ്റം ബർ 5. | അധ്യാപക ദിനം -മൈക്രോ ടീച്ചിംങ് - | അധ്യാപക വിദ്യാർത്ഥി കലണ്ടർ മെച്ചപ്പെടുത്തൽ | |
| 7. | സെപ്റ്റം ബർ 16. | ഒസ്സോൺ ദിനം, ഗ്ലോബൽ വാർമിംങ് ന്റെ കാരണങ്ങൾ, ബോധവത്കരണം | അധ്യാപക വിദ്യാർത്ഥി കലണ്ടർ മെച്ചപ്പെടുത്തൽ | |
| 8. | ഒക്ടോ ബർ 2. | ഗാന്ധിജയന്തി- ഗാന്ധിയൻ ആശയങ്ങൾ-സ്പീച്ച് - | ഗാന്ധിയെ അറിയൽ | |
| 9. | നവം ബർ 14. | ശിശുദിനം പ്രച്ഛന്നവേഷ മത്സരം | നെഹ്റുവിനെ അനുസ്മരിക്കലും കുട്ടികളെ അറിയുകയും ചെയ്യൽ | 500/- |
| 10. | ഡിസം ബർ 10. | മനുഷ്യാവകാശദിനം ക്വിസ് | മനുഷ്യാവകാശങ്ങളെകുറിച്ച് ബോധവൽക്കരിക്കുക | |
| 11. | ജനുവരി 26. | റിപ്പബ്ലിക് ഡെ. ദേശഭക്തിഗാന മത്സരം | ഇന്ത്യയെ അറിയൽ | 200/- |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-26 സയൻസ്

**എച്ച്.എസ്. യു.പി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കുട്ടികളിൽ പരിസ്ഥിതി സംരക്ഷണബോധം വളർത്തുക | തൈകൾ നടൽ, അടുക്കളത്തോട്ട നിർമ്മാണം, പരിസ്ഥിതി ദിനാഘോഷം, കവിതാലാപനം, കുട്ടികൾക്ക് തണൽ വൃക്ഷത്തൈ വിതരണം. | അക്കാദമിക് വർഷം | ഇക്കോ/ സയൻസ് എൻ.സി.സി ക്ലബ്ബ് അംഗങ്ങൾ അധ്യാപകർ | |
| 2.പ്ലാസ്റ്റിക് ഫ്രീ സ്കൂൾ ക്യാമ്പസ്, ശുചിത്വശീലം, പരിസ്ഥിതി സംരക്ഷണ അവബോധം ഉണ്ടാക്കൽ | ഓരോ ക്ലാസിലുമുള്ള ഇക്കോ/സയൻസ് അംഗങ്ങൾ സ്കൂൾ ക്യാമ്പസിൽ കാണപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് വിവിധ ഇടങ്ങളിൽ സ്ഥാപിച്ച ബിന്നുകളിൽ ദിവസവും നിക്ഷേപിക്കുന്നു. പിന്നീട് ഇവ ഹരിത കർമ്മസേനക്ക് കൈമാറുന്നു. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാൻ സഹപാഠികളെ ബോധവൽക്കരിക്കുന്നു. | അക്കാദമിക് വർഷം | ഇക്കോ/ സയൻസ് അംഗങ്ങൾ | |
| 3. ചാന്ദ്രദിനം. ബഹിരാകാശത്തെ കുറിച്ചും ചന്ദ്രനെ കുറിച്ചും കുട്ടികളിൽ ജിജ്ഞാസ വളർത്തുന്നതിന്. | സയൻസ് ക്വിസ്, ഡോക്യുമെന്ററി സയൻസ്, ന്യൂസ് ബുള്ളറ്റിൻ പ്രദർശനം | ജൂലായ് 21 | സയൻസ് അധ്യാപകർ | |
| 4. ലോക ശാസ്ത്രദിനം. ശാസ്ത്രലോകത്തിന് മികച്ച സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞരെ കുറിച്ച് അറിയാനും ഓർമ്മിക്കാനും | മികച്ച സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോയും കണ്ടുപിടിത്തങ്ങളും പ്രദർശിപ്പിക്കൽ | നവംബർ 10 | ക്ലബ്ബ് അംഗങ്ങൾ | |
| 5. ക്യാൻസർ ഡേ- ലഹരി ഉപയോഗം ഭക്ഷണരീതി എന്നിവ ക്യാൻസറിലേക്ക് നയിക്കുന്നതിലെ അപകടം | അസംബ്ലിയിൽ കുറിപ്പ് വായന, പുകവലിക്കെതിരെ ബോധവത്കരണം. | ഫെബ്രുവരി 4. | ക്ലബ്ബ് അംഗങ്ങൾ | |
| 6. ദേശീയ ശാസ്ത്രദിനം | കുട്ടികൾ ചെയ്യുന്ന കൊച്ചു കൊച്ചു രസകരമായ പരീക്ഷണങ്ങളുടെ പ്രദർശനം | ഫെബ്രുവരി 28 | വിദ്യാർത്ഥികൾ/സയൻസ് അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ (2025-26)

**മേഖല - ഹൈസ്കൂൾ ഗണിതം** **എച്ച്.എസ്. യു.പി**

| പ്രവർത്തനങ്ങൾ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ശേഷികൾ കൈവരിക്കൽ<br>ഗണിതത്തിനോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കൽ | പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി നിലവാരം പുലർത്തുന്ന കുട്ടികളെ ഉപയോഗപ്പെടുത്തി അവരെ മുന്നോട്ട് കൊണ്ടുവരുന്നു.<br>ഓരോ ദിവസവും ഓരോ കുട്ടിയോട് ഒരു കുസൃതി ചോദ്യം തയ്യാറാക്കി വരാൻ പറഞ്ഞ് കുട്ടി അത് അവതരിപ്പിക്കുന്നു.(എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു)<br>*ജൂൺ 19 പാസ്ക്കൽ ദിനം- ഗണിത ക്ലബ്ബ് ഉദ്ഘാടനം<br>*ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ-<br>ക്ലാസ് തലത്തിൽ ക്ലബ് പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നു. | ജൂൺ ആദ്യവാരം<br>ജൂൺ ജൂലൈ | ഗണിത അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ<br>കുട്ടികൾ | |
| മുഴുവൻ പഠന നേട്ടങ്ങളും കുട്ടികളിലെത്തിക്കൽ<br>കുട്ടികൾ മുഴുവൻ ആശയങ്ങളും കൈവരിച്ചോ എന്ന് പരിശോധിക്കൽ<br>ദിനാചരണങ്ങൾ | ഗണിത ക്വിസ്, നമ്പർ ചാർട്ട്, ജ്യോമട്രിക്കൽ ചാർട്ട്, പസിൽ ഗെയിം തുടങ്ങിയ എല്ലാ മത്സരങ്ങളും ക്ലാസ് തലത്തിൽ നടത്തുകയും വിജയിയെ കണ്ടെത്തി സമ്മാനം നൽകുകയും ചെയ്യുന്നു.<br>സ്കൂൾ തലത്തിൽ മുകളിൽ പറഞ്ഞ മത്സര ഇനങ്ങൾ നടത്തി വിജയികൾക്ക് സമ്മാനം നല്കുകയും അവരെ പരിശീലിപ്പിച്ച് സബ് ജില്ലാതലത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.<br>സ്വാതന്ത്ര ദിനവുമായി ബന്ധപ്പെട്ട് പതാക നിർമ്മാണ മത്സരം നടത്തുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | കുട്ടികൾ ഗണിത അധ്യാപകർ | ഗണിത അധ്യാപകർ |

# VIJAYASREE 2025-26

| | | |
|---|---|---|
| 1. | Pre Test (കുട്ടികളുടെ നിലവാരം വിലയിരുത്തൽ | 18-06 -2025 to 25-06-2025 |
| 2. | Pre Test അവലോകനം and SAG/TAG രൂപീകരണം | 07-06-25 |
| 3. | ഗൃഹസന്ദർശനം | From July onwards |
| 4. | ക്ലാസ് PTA | 04-07-25 |
| 5. | 1st വിജയശ്രീ പരീക്ഷ | 21-01-25 to 26-07-25 |
| 6. | വിജയശ്രീ പരീക്ഷ അവലോകനം Student menter രൂപീകരണം | 31-07-25 |
| 7. | ക്ലാസ് PTA | 01-08-25 |
| 8. | പാദ വാർഷിക പരീക്ഷ | August Last Week |
| 9. | പാദ വാർഷിക പരീക്ഷ അവലോകനം Morning Class/Evening Class തുടക്കം | 15-08-25 |
| 10. | General Awareness to parents and class PTA | 26-08-25 |
| 11. | Iind വിജയശ്രീ പരീക്ഷ | 27-10-25 to 31-10-25 |
| 12. | വിജയശ്രീ പരീക്ഷ അവലോകനം | 07-11-25 |
| 13. | ക്ലാസ് PTA | 13-11-25 |
| 14. | A+ Below Average Special Coaching | 17-11-25 |
| 15. | IInd Term Exam | December IIIrd Week |
| 16. | IInd Term Exam അവലോകനം | 02-01-2026 |
| 17. | ക്ലാസ് PTA | 09-01-26 |
| 18. | Night class തുടക്കം for below Average | 13-01-26 |
| 19. | Motivation class for students | January IIIrd week |
| 20. | IIIrd വിജയശ്രീ പരീക്ഷ (Pre model exam) | 27-01-26 to 31-01-26 |
| 21. | Pre model exam അവലോകനം | 03-02-26 |
| 22. | ക്ലാസ് PTA | 04-02-26 |
| 23. | SSLC Model Exam | February |
| 24. | Model exam അവലോകനം and കൈത്താങ്ങ് പിന്നോക്കക്കാർക്ക് | February |
| 25. | SSLC Public Exam | March |